©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി I
## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## ആനുകാലിക റിപ്പോർട്ട്

**(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2020 TO 31ST MARCH 2021)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത്]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി I**
**(SUBJECT COMMITTEE I)**

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും**
**(AGRICULTURE, ANIMAL HUSBANDRY AND FISHERIES)**

**ആനുകാലിക റിപ്പോർട്ട്**
**(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ളത്)**

# (PERIODICAL REPORT FROM 1ST APRIL 2020 TO 31ST MARCH 2021)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

961/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 22 |

# സബ്ജക്ട് കമ്മിറ്റി I
# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
# (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ
മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. കെ. പി. മോഹനൻ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

## അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (i)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2019 ജനുവരി 7-ാം തീയതിയിലെ 598-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2019-2021 കാലയളവിലേയ്ക്കായി രൂപീകരിച്ച കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി, 13-5-2020, 23-7-2020, 23-12-2020, 22-2-2021 എന്നീ തീയതികളിലായി ആകെ 4 യോഗങ്ങൾ ചേരുകയുണ്ടായി. 13-5-2020-ലെ യോഗത്തിൽ കേരള ഫിഷറീസ് (സബോർഡിനേറ്റ്) സർവ്വീസ് റൂൾ സംബന്ധിച്ച കരട് ചട്ടം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 23-7-2020-ലെ യോഗത്തിൽ സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ ശിപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ച് അംഗീകരിച്ചു. 23-12-2020-ലെ യോഗത്തിൽ കൃഷി വകുപ്പിലെ സ്റ്റേറ്റ് സർവ്വീസുമായി ബന്ധപ്പെട്ട കരട് വിശേഷാൽ ചട്ടം പരിഗണിച്ച് ഭേദഗതികളോടെ അംഗീകരിച്ചു. 22-2-2021-ലെ യോഗത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട കേരള കർഷക ക്ഷേമനിധി ചട്ടങ്ങളുടെ കരട് പരിഗണിച്ച് ഭേദഗതികളോടെ അംഗീകരിച്ചു.

യോഗങ്ങളിലെ ഹാജർ നില 43% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിഗണിച്ച ബില്ലുകൾ

അദ്ധ്യായം III - സമിതി പരിഗണിച്ച ചട്ടം / എസ്.ആർ.ഒ.കൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - (a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2021 ജൂലൈ 2-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. പ്രസാദ്,

തിരുവനന്തപുരം,
2021 ജൂലൈ 2.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

# റിപ്പോർട്ട്

അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-8-2020-ന് സമർപ്പിച്ചു.

2. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 24-8-2020-ന് സമർപ്പിച്ചു.

അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല

അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.കൾ

1. സമിതി കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് റൂൾ സംബന്ധിച്ച കരട് ചട്ടം 13-5-2020-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2. സമിതി, 2020-ലെ കേരള അഗ്രികൾച്ചറൽ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 23-12-2020-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

3. 2021-ലെ കേരള കർഷക ക്ഷേമനിധി കരട് ചട്ടങ്ങൾ 22-2-2021-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(A) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

നിയമസഭാ ചട്ടം 235(A) പ്രകാരം, സമിതി ഈ കാലയളവിൽ യോഗം ചേർന്നില്ല.

അദ്ധ്യായം V

**നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| 1 | 2 | 3 | 4 | 5 |
| 1 | XXIX—കൃഷി | 2019-20 | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് | 24-8-2020 |
| 2 | XXIX—കൃഷി | 2019-20 | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ | 24-8-2020 |
| 3 | XXIX—കൃഷി | 2019-20 | സാമ്പത്തിക സ്ഥിതി വിവര കണക്ക് | 24-8-2020 |
| 4 | XXIX—കൃഷി | 2018-19 | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ | 24-8-2020 |
| 5 | XXIX—കൃഷി | 2018-19 | വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള | 24-8-2020 |
| 6 | XXIX—കൃഷി | 2019-20 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കാസർഗോഡ് വികസന പാക്കേജ്) | 13-1-2021 |
| 7 | XXIX—കൃഷി | 2019-20 | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ | 13-1-2021 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 8 | XXIX—കൃഷി | 2019-20 | മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ് | 22-1-2021 |
| 9 | XXIX—കൃഷി<br>XXX—ഭക്ഷ്യം<br>XXXIX—വൈദ്യുത പദ്ധതികൾ | 2019-20 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 22-1-2021 |

## അദ്ധ്യായം VI

**(a) നടപ്പ് സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

2020-21-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൽ ആകെ 126 ഖണ്ഡികകളാണുള്ളത്. ഇവയിൽ എല്ലാ ഖണ്ഡികകളുടെയും മറുപടി ലഭ്യമാക്കുകയും ആയവ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും (പുതിയ സാമ്പത്തിവർഷത്തെ ആദ്യം എന്ന കണക്കിൽ)**

**I. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

### ശിപാർശ

2401-00-103-87—നാളികേര വികസനം

വിഹിതം : 69,00,00,000 രൂപ (പദ്ധതി)

നാളികേര കൗൺസിൽ മുഖേന ലക്ഷ്യമിട്ടിരിക്കുന്ന വിസ്തൃതി വ്യാപനവും ഉല്പാദന വർദ്ധനവും സാധ്യമാക്കുന്നതിന് 'കേരഗ്രാമം' എന്ന ഘടകത്തിന് 38.71 കോടി രൂപയും CPCRI മുഖേന നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനായി 77.76 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 39.4876 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

നാളികേര കൗൺസിൽ മുഖേന ലക്ഷ്യമിട്ടിരിക്കുന്ന വിസ്തൃതി വ്യാപനവും ഉൽപ്പാദന വർദ്ധനവും സാധ്യമാക്കുന്നതിന് കേരഗ്രാമം എന്ന ഘടകത്തിനും CPCRI മുഖേന നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനായും കൂടി 39.4876 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന സമിതിയുടെ അടിസ്ഥാനത്തിൽ ഒന്നാം ബാച്ച് എസ്.ഡി.ജി.-യിൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ചിട്ടില്ല എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

2402-00-102-78—<u>ജലാശയങ്ങളുടെയും നീരുറവുകളുടെയും പുനരുജ്ജീവനം</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പരമ്പരാഗത ഉറവകളുടെയും ജലസ്രോതസ്സുകളുടെയും ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെയും നദികളുടെയും കൈവഴികളുടെയും പുനരുജ്ജീവനത്തിനും ഭൂഗർഭ ജലവിതാനം ഉയർത്തുവാനും നീർച്ചാലുകളുടെ പുനരുജ്ജീവനത്തിനുമായുള്ള ഈ പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം "ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം" എന്ന പദ്ധതിക്കായി (2402-00-102-78 പ്ലാൻ) സംസ്ഥാന ബഡ്ജറ്റിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 50 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ കുളങ്ങളുടെ പുനരുദ്ധാരണം, തിരുവനന്തപുരം ജില്ലയിലെ കരമനയാറിന്റെ കൈവഴികളുടെ പുനരുജ്ജീവനം, പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിലെ ഭൂഗർഭ ജലവിതാന പരിപോഷണം എന്നീ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്.

പ്രതികൂല കാലാവസ്ഥ ഘടകങ്ങളും, 2019-ൽ നേരിട്ട പ്രളയവും, തുടർന്നുണ്ടായ ട്രഷറി നിയന്ത്രണങ്ങളുംമൂലം വകുപ്പിന് മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിച്ചില്ല. കേവലം 14.62 ലക്ഷം രൂപ മാത്രമേ

ഈ ശീർഷകത്തിൽ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന 10 കോടി രൂപ അധികമായി വകയിരുത്തുന്നതിനുള്ള ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

(28-12-2020-ലെ WTO1/141/19/കൃഷി നമ്പർ കത്തുമുഖേന കൃഷി (WTO-Cell) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 5, 29 എന്നിവയ്ക്കുള്ള കാലതാമസപത്രിക 13-1-2021-ൽ സഭയിൽ സമർപ്പിച്ചു).

## II. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ഖണ്ഡിക 1 സംബന്ധിച്ച അധികവിവരം

മലബാർ മാർക്കറ്റ് കമ്മിറ്റിയ്ക്കുള്ള ധനസഹായം സംബന്ധിച്ച് കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുക.

റിപ്പോർട്ട്

മലബാർ മാർക്കറ്റ് കമ്മിറ്റിയ്ക്കുള്ള ധനസഹായം സംബന്ധിച്ച് കളക്ടറുടെ സാന്നിദ്ധ്യത്തിൽ ഈ വകുപ്പിൽ നിന്നും ഒരു മീറ്റിംഗ് നടന്നിട്ടില്ല. എന്നാൽ നിർത്തലാക്കിയ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ ആസ്തി ബാധ്യതകൾ സംബന്ധിച്ച മീറ്റിംഗ് 1-7-2019-ൽ നടന്നിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

ശിപാർശ

2402-00-101-82—ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച് ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ

വിഹിതം : 13,00,000 രൂപ (പദ്ധതി)

വകുപ്പ് ഇക്കാലമത്രയും ശേഖരിച്ച മണ്ണ് ഭൂവിഭവ വിവരശേഖരം കർഷകന് നേരിട്ട് ലഭ്യമാക്കുന്നതിനായി "മണ്ണിനെ അറിയാം മൊബൈലിലൂടെ" എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ആപ്പ് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി ഐ.ടി. വകുപ്പിനുകീഴിൽ വരുന്ന IIITM-Kerala യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം " ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ" എന്ന പദ്ധതിയ്ക്കായി (2402-00-101-82 പ്ലാൻ) സംസ്ഥാന ബഡ്ജറ്റിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 13 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി വികസിപ്പിച്ചെടുത്ത 22 ഇന ഭൂവർഗ്ഗീകരണത്തിനായി ഡാറ്റാ ബാങ്ക് വികസിപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഉപഗ്രഹ ചിത്രങ്ങളുടെ അപഗ്രഥനത്തിന് ആവശ്യമായ ഉയർന്ന സ്പെസിഫിക്കേഷനിലുള്ള വർക്ക് സ്റ്റേഷനുകൾ സമയബന്ധിതമായി നൽകുവാൻ കെൽട്രോണിന് സാധിക്കാത്തതിനാലും എം.ജി. സർവ്വകലാശാലയുമായി "ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ" രൂപപ്പെടുത്തുന്നതിനുള്ള മെത്തഡോളജി വികസിപ്പിക്കുവാൻ നടത്തിയ സംയുക്ത പഠനം 2019 മാർച്ചിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാലും കേവലം 3.26 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന 55 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

(14-11-2020-ലെ WTO1/84/19/കൃഷി നമ്പർ കത്തുമുഖേന കൃഷി (WTO-Cell) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 24-ന്റെ കാലതാമസപത്രിക 13-1-2021-ൽ സഭയിൽ സമർപ്പിച്ചു).

## III. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട്

ശിപാർശ

2405-00-800-99—മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് അധിക സംസ്ഥാന വിഹിതം.

വിഹിതം : 1,000 രൂപ (പദ്ധതി)

പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം നൽകി വരുന്ന തുക 2700-ൽ നിന്നും 3600 രൂപയാക്കി വർദ്ധിപ്പിക്കുമ്പോൾ 1.83 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് അധികമായി വേണ്ടി വരുന്ന സംസ്ഥാന വിഹിതം അനുവദിക്കുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 16.47 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സ്വീകരിച്ച നടപടി</u>

പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന നൽകി വരുന്ന തുക 2,700 രൂപയിൽ നിന്ന് 3,600 രൂപയായി വർദ്ധിപ്പിക്കുന്നതിന് വേണ്ടി വരുന്ന 16,54,64,100 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന 2405-00-800-99 (പ്ലാൻ) ശീർഷകത്തിൽ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക ലഭ്യമായിരുന്നില്ല.

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി ആനുകൂല്യം 2700 രൂപയിൽ നിന്നും 3600 രൂപയായി വർദ്ധിപ്പിക്കുന്നതിന് 2016-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയെങ്കിലും G.O. (Rt.) No.757/2016/F&PD dated 4-11-2016 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി ധനസഹായം 2700 രൂപയിൽ നിന്ന് 4500 രൂപയായി വർദ്ധിപ്പിക്കുകയും ആയതിന് ആവശ്യമായ മുഴുവൻ തുകയും 2405-00-800-99 (പ്ലാൻ) ശീർഷകത്തിൽ യഥാസമയം സർക്കാർ അനുവദിച്ച് നൽകുകയും സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ 2020-21 സാമ്പത്തിക വർഷം വരെയുള്ള ആനുകൂല്യം വിതരണം ചെയ്തു പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

Government of India Letter No.12012/12/2009/Fy (WU) Vol. II dated 27-11-2019 പ്രകാരം 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ലഭിക്കാനുണ്ടായിരുന്ന കേന്ദ്ര വിഹിതമായ യഥാക്രമം 1640.50 ലക്ഷം രൂപ, 1655 ലക്ഷം രൂപ, 2797.65 ലക്ഷം രൂപ എന്നിങ്ങനെ ആകെ 6093.15 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-104-47—<u>ചേറ്റുവ, ചെറുവത്തൂർ, തലായി ഫിഷിംഗ് ഹാർബറുകളുടെ പൂർത്തീകരണവും പൂർണ്ണ പ്രവർത്തന സജ്ജമാക്കലും (50% കേന്ദ്രസഹായം)</u>

വിഹിതം : 3,10,00,000 രൂപ (പദ്ധതി)

ചേറ്റുവ, ചെറുവത്തൂർ, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിന് ഈ ശീർഷകത്തിൽ 10.3043 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സ്വീകരിച്ച നടപടി</u>

10.3043 കോടി രൂപ അധികവിഹിതം അഭ്യർത്ഥിച്ച് SDG-I ധന വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ലഭിച്ചില്ല. ബഡ്ജറ്റ് വിഹിതം 310 ലക്ഷം രൂപയാണ്.

ടി ശീർഷകത്തിൽ 265.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 67.03 ലക്ഷം രൂപയുടെ ബില്ലുകൾ ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കാത്തതിനാൽ പേയ്മെന്റ് നൽകാൻ കഴിഞ്ഞിട്ടില്ല.

ചേറ്റുവ, ചെറുവത്തൂർ, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിന് ഈ ശീർഷകത്തിൽ 10.3043 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു.

2016-17 സാമ്പത്തിക വർഷം ചേറ്റുവ, തലായി മത്സ്യബന്ധന തുറമുഖങ്ങൾക്ക് യഥാക്രമം 46 ലക്ഷം രൂപയും 689.75 ലക്ഷം രൂപയും വീതം കേന്ദ്ര വിഹിതം ലഭിച്ചിരുന്നു. ചെറുവത്തൂർ ഫിഷിംഗ് ഹാർബർ പദ്ധതിയ്ക്ക് 2018-19 സാമ്പത്തിക വർഷം 429.5 ലക്ഷം രൂപയും കേന്ദ്ര വിഹിതം ലഭിച്ചു. കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് മുഖേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ മൂന്ന് മത്സ്യബന്ധന തുറമുഖങ്ങൾക്കും അർഹമായ കേന്ദ്രവിഹിതം മുഴുവനും ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി നിർമ്മാണം പൂർത്തീകരിച്ച് 18-5-2018-ൽ കമ്മീഷൻ ചെയ്തു. ടി പ്രവൃത്തിയ്ക്കായി അനുവദിച്ചിരുന്ന മുഴുവൻ തുകയും ചെലവഴിക്കുകയും 25-2-2019-ന് പദ്ധതി കമ്മീഷൻ ചെയ്യുകയും ചെയ്തു.

ശിപാർശ

4405-00-104-55 —മത്സ്യബന്ധന തുറമുഖത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

വിഹിതം : ഇല്ല

നീണ്ടകര ഹാർബറിന്റെ ശക്തികുളങ്ങര ഭാഗത്തെ 25.4 ആർ സ്ഥലം ഏറ്റെടുക്കുന്നതിനും ചെല്ലാനം ഫിഷറി ഹാർബറിന്റെ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുമായി 15 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 15 കോടിയും SDG-I-ൽ 15 കോടിയും അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

സമിതി ശിപാർശ ചെയ്തതിൻപ്രകാരം സ്വീകരിച്ച നടപടി

നീണ്ടകര ഹാർബറിലെ ശക്തികുളങ്ങര ഭാഗത്തെ 25.4 ആർ സ്ഥലം ഏറ്റെടുക്കുന്നതിനും ചെല്ലാനം ഫിഷറി ഹാർബറിന്റെ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുമായി 15 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. 2016-17 സാമ്പത്തിക വർഷം ടി പ്രവൃത്തിയ്ക്കായി തുകയൊന്നും അനുവദിച്ചിരുന്നില്ല. ശക്തികുളങ്ങര ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനായി 658.69 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. പ്രസ്തുത തുക റവന്യൂ വകുപ്പ് അധികാരികൾക്ക് കൈമാറി 32.41 ആർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി. ചെല്ലാനം

ഫിഷറി ഹർബറിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷം റീ-അപ്രോപ്രിയേഷൻ മുഖേന 13 കോടി രൂപ അനുവദിക്കുകയും ടി തുക റവന്യൂ അധികാരികൾക്ക് കൈമാറുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 141.911 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ ചെല്ലാനം ഫിഷിംഗ് ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡ് പ്രവൃത്തിയ്ക്കുള്ള സ്ഥലമെടുപ്പ് 99% പൂർത്തിയായി. ടി പ്രവൃത്തിക്ക് 4 സെന്റ് സ്ഥലം കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2016-17 വർഷം പൂർത്തീകരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 8.65 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സർക്കാർ സ്വീകരിച്ച നടപടി

ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ 865.4 ലക്ഷവും SDG-1-ൽ 936 ലക്ഷവും അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് രണ്ടാം ഉപധനാഭ്യർത്ഥനയിൽ 313.79 ലക്ഷം രൂപ അനുവദിച്ചു. പദ്ധതിയുടെ ആകെ ചെലവ് 542.07 ലക്ഷം രൂപയാണ്.

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവൃത്തികൾ 2016-17 വർഷം പൂർത്തിയാക്കേണ്ടതായതിനാൽ ഈ ശീർഷകത്തിൽ 8.65 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു.

2016-17 വർഷത്തെ രണ്ടാം ഉപധനാഭ്യർത്ഥനയിൽ അധികമായി ആവശ്യപ്പെട്ട 313.79 ലക്ഷം രൂപ, 200 ലക്ഷം രൂപയുടെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ അനുവദിച്ചിരുന്നു.

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ശിപാർശ

2405-00-103-84—മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

വിഹിതം : 3,50,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി പ്രതിമാസം നിശ്ചിത തോതിൽ സബ്സിഡി നിരക്കിൽ കേന്ദ്ര

പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ ഓയിൽ കമ്പനികളിൽ നിന്നും വെള്ള മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബർ/ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന ഈ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി 12 മാസത്തേക്ക് 68 കോടി രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 64.5 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ 3.5 കോടി രൂപയാണ് വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകാനായി അനുവദിച്ചിരുന്നത്. ടി തുക മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്. ആകെ 64 കോടി രൂപ വേണ്ടിവരുന്ന മേൽ പദ്ധതിക്ക് മത്സ്യഫെഡിന്റെ അപേക്ഷ പ്രകാരം 2016-17 ആദ്യബാച്ച് എസ്.ഡി.ജി.യിൽ 64 കോടി രൂപയ്ക്ക് അപേക്ഷ നൽകിയെങ്കിലും 10 കോടി രൂപയാണ് 2405-00-103-84-33 (എൻ.പി.) എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്നത്. കൂടാതെ 2405-00-800-21-34 (ഒ.സി.) (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും 8 കോടി രൂപ റീ-അപ്രോപ്രിയേഷൻ നടത്തുകയും പ്രസ്തുത 8 കോടി രൂപയും മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷം ആകെ 31,50,00,000 രൂപ മത്സ്യഫെഡിന് അനുവദിക്കുകയുണ്ടായി.

2016-17 സാമ്പത്തിക വർഷം 2405-00-103-84-33 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 3,50,00,000 രൂപ വകയിരുത്തിയിട്ടുള്ളതും കൂടാതെ ഫസ്റ്റ് SDG യായി 10,00,00,000 രൂപയും സെക്കന്റ് SDG യായി 10,00,00,000 രൂപയും റീ-അപ്രോപ്രിയേഷൻ വഴി 8,00,00,000 രൂപയും അടക്കം 31.50 കോടി രൂപ ചെലവഴിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 13,00,00,000 രൂപ വകയിരുത്തിയിട്ടുള്ളതും ഫസ്റ്റ് SDG യായി 12,00,00,000 രൂപയും സെക്കന്റ് SDG യായി 10,00,00,000 രൂപയും റീ-അപ്രോപ്രിയേഷൻ വഴി 9,70,00,000 രൂപയും അടക്കം 44.70 കോടി രൂപ ചെലവഴിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 51,25,00,000 രൂപ വകയിരുത്തിയിട്ടുള്ളതും ആയതിൽ 41.38 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

<u>ശിപാർശ</u>

2405-00-800-30—<u>കടുങ്ങല്ലൂർ അക്വാടെക്നോളജി പാർക്ക്</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ഏറെ സാധ്യതയുള്ള അലങ്കാര മത്സ്യമേഖല പുനരുജ്ജീവിപ്പിക്കുന്നതിന് കടുങ്ങല്ലൂരിൽ പ്രവർത്തിക്കുന്ന അക്വാവെൻചർ ഇന്റർനാഷണൽ (കാവിൽ) എന്ന സ്ഥാപനത്തിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരളത്തിലെ അലങ്കാര മത്സ്യങ്ങളുടെ ഉത്പാദന മേഖലയിലും വിപണന മേഖലയിലും ഇടപെടുന്നതിനുവേണ്ടി രൂപീകൃതമായ സ്ഥാപനമാണ് KAVIL. കാവിലിലെ നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ KAVIL മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആദ്യബാച്ച് SDG വഴി 2402-00-800-30(NP) എന്ന ശീർഷകത്തിൽ അനുവദിച്ചു നൽകുന്നതിന് ധനവകുപ്പിനോടഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല. കൂടാതെ ഇതേ ആവശ്യത്തിനായി KAVIL മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയനുസരിച്ച് 200 ലക്ഷം രൂപ മേൽ പറഞ്ഞ ശീർഷകത്തിൽ അനുവദിച്ചുനൽകുന്നതിനായി final SDG പ്രകാരവും പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല.

2016-17 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിലെ 115-ാം ഖണ്ഡികയിന്മേൽ ശിപാർശ ചെയ്തതുപ്രകാരം 2405-00-800-30 എന്ന ശീർഷകത്തിൽ നിന്നും 2016-17, 2017-18, 2018-19 വർഷങ്ങളിൽ തുകയൊന്നും അനുവദിച്ചുനൽകിയിട്ടില്ല. എന്നാൽ 2017-18 വർഷത്തിൽ കാവിലിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുഗമമായ പ്രവർത്തനത്തിനും വേണ്ടി എസ്.ഡി.ജി. മുഖേന ഫണ്ട് അനുവദിച്ചുനൽകുന്നതിനായി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ജി.ഒ. (ആർടി.) നമ്പർ 600/2017/മ.ഉ.വ. തീയതി 31-7-2017 സർക്കാർ ഉത്തരവ് പ്രകാരം 2405-00-190-95 (പ്ലാൻ) ശീർഷകത്തിൽ 200 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ടി തുക പൂർണ്ണമായും മാനേജിംഗ് ഡയറക്ടർ കാവിലിന് അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത 2 കോടി രൂപയിൽ കാവിലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1.75 കോടി രൂപയോളം ഇതുവരെ ചെലവഴിച്ചു.

## IV. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്

ശിപാർശ

സോയിൽ മ്യൂസിയത്തിന്റെ ദൈനംദിന നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്നും അതു വരെ പ്രസ്തുത ജോലിക്കായി ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

28-11-2019-ലെ സ.ഉ. (സാധാ.) നമ്പർ 1149/2019/അഗ്രി. പ്രകാരം സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലാബിൽ ഇപ്പോൾ നിലവിലുള്ള 5 റിസർച്ച് അസിസ്റ്റന്റുമാരുടെ തസ്തികയിൽ ഒന്ന് അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയാക്കി മാറ്റി സംസ്ഥാന സോയിൽ മ്യൂസിയത്തിന്റെ ചുമതല നൽകുന്നതിനും ഇപ്പോൾ ഡയറക്ടറേറ്റിൽ നിലവിലുള്ള റിസർച്ച് അസിസ്റ്റന്റ് (BMS) തസ്തിക സോയിൽ മ്യൂസിയത്തിലേയ്ക്ക് പുനർവിന്യസിക്കുന്നതിനും കോഴിക്കോട് റീജിയണൽ സോയിൽ അനലിറ്റിക്കൽ ലാബിൽ നിലവിലുള്ള രണ്ട് ഫീൽഡ് അസിസ്റ്റന്റ് തസ്തികകളിൽ നിന്നും ഒരു ഫീൽഡ് അസിസ്റ്റന്റ് തസ്തിക മ്യൂസിയത്തിലേയ്ക്ക് പുനർവിന്യസിക്കുന്നതിനും ഒരു പാർട്ട് ടൈം സ്വീപ്പറെ ദിവസവേതന/കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇത് കൂടാതെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറുടെ 3-7-2017-ലെ ഇ(1)7029/2017 നടപടിക്രമം പ്രകാരം ദക്ഷിണമേഖല മണ്ണ് പര്യവേക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ഒരു ക്ലാർക്കിനേയും ഒരു ലാസ്കറിനേയും സോയിൽ മ്യൂസിയത്തിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

(13-3-2020-ലെ ഇബി1/2/17/കൃഷി നമ്പർ കത്ത് മുഖേന കൃഷി (ഇ.ബി.) വകുപ്പിൽ നിന്നും ലഭ്യമാക്കിയ ഖണ്ഡിക 13-ന്റെ കാലതാമസപത്രിക 24-8-2020-ന് സഭയിൽ സമർപ്പിച്ചു).

### കേരള ഫീഡ്സ് ലിമിറ്റഡിന്റെ STEP പദ്ധതിയുടെ തുടർ നടപടി റിപ്പോർട്ട് സംബന്ധിച്ച്

കേന്ദ്ര സർക്കാരിന്റെ വനിത-ശിശുക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള Support to Training and Employment Programme (STEP) പദ്ധതി പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് 2011-12 മുതലുള്ള 2 വർഷക്കാലയളവിൽ 10,000 ആടുകളെ വിതരണം ചെയ്യുന്നതിന് മൊത്തം 650 ലക്ഷം രൂപയുടെ പ്രോജക്ട് നടത്തിപ്പിനായി കേരള ഫീഡ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയുണ്ടായി.

ആയതിലേയ്ക്കുള്ള ആദ്യ ഗഡു ഫണ്ട് 259.88 ലക്ഷം രൂപ കമ്പനിക്ക് ലഭിച്ചിരുന്നു. പിന്നീട് പദ്ധതിയുടെ കാലാവധി മാർച്ച് 2016-വരെ നീട്ടി നൽകിയെങ്കിലും 1-3-2016 വരെ ആകെ 749 ആടുകളെയാണ് കമ്പനി വിതരണം ചെയ്തത്. പ്രസ്തുത ഫണ്ടിൽ നിന്നും ആകെ 36 ലക്ഷത്തോളം രൂപയാണ് കമ്പനി ചെലവാക്കിയത്. എന്നാൽ പലവിധ കാരണങ്ങളാൽ നിശ്ചിത സമയ പരിധിയ്ക്കകം പദ്ധതി പ്രകാരമുള്ള ആടുവിതരണം പൂർത്തിയാക്കാൻ കമ്പനിക്ക് കഴിഞ്ഞില്ല.

STEP (Support to Training and Employment Programme) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിൽ കേരള ഫീഡ്സ് കമ്പനി പരാജയപ്പെട്ടുവെന്നും തുടർ പ്രവർത്തനം സമയത്തിന് പൂർത്തിയാക്കാത്തതിനാൽ കമ്പനിക്ക് ലഭിക്കുമായിരുന്ന കേന്ദ്ര സഹായം നഷ്ടപ്പെട്ടു എന്നും അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ ഈ പദ്ധതിയുടെ തുടർ നടത്തിപ്പിനായി ആവശ്യമായ ഭേദഗതികളുൾപ്പെടെ, ബഹു. വകുപ്പുമന്ത്രി അംഗീകരിച്ച Modified Project Report അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് പ്രകാരം 5000 ഗുണഭോക്താക്കൾക്ക് ആടുകളെ വിതരണം ചെയ്യാനും കാലാവധി 2019-21 വരെയും നിശ്ചയിച്ചിരുന്നു.

എന്നാൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പരിഷ്കരിച്ച പ്രോജക്ട് അംഗീകരിക്കാതെ കമ്പനിക്ക് അനുവദിച്ച തുക തിരിച്ചടയ്ക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഫണ്ട് ഉൾപ്പെടെ ചെലവഴിക്കാതിരുന്ന തുക സംസ്ഥാന സർക്കാരിലേക്ക് resume ചെയ്യുകയുണ്ടായി. കേന്ദ്ര വനിത-ശിശുക്ഷേമ മന്ത്രാലയത്തിൽ നിന്നും STEP പദ്ധതിക്കായി അനുവദിച്ചു നൽകിയിരുന്ന തുകയിൽ നിന്നും സർക്കാർ പിൻവലിച്ച 2,83,97,117 രൂപ (രണ്ട് കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഒരുനൂറ്റി പതിനേഴ് രൂപ) 21-12-2019-ലെ സ.ഉ.(സാധാ) നമ്പർ 10035/2019/ധന., 1-7-2020-ലെ സ.ഉ. (സാധാ.) നമ്പർ 4004/2020/ധന. എന്നീ ഉത്തരവുകൾ പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് തിരികെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## അദ്ധ്യായം VII

## **സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും**

**1. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷിവകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്**

<u>ശിപാർശ</u>

കീടനാശിനി കമ്പനികളുടെ ഫീൽഡ് വിസിറ്റേഴ്സ് ടേൺ ഓവർ വർദ്ധിപ്പിക്കുന്നതിനായി നിരോധിച്ചതും അല്ലാത്തതുമായ ടൺ കണക്കിന് കീടനാശിനികൾ ഏലം കർഷകർക്ക് നൽകുകയും ആയത് കാരണം ഏലം കയറ്റുമതി ചെയ്യുമ്പോൾ കീടനാശിനിയുടെ അമിതമായ അളവ് ഉള്ളതിനാൽ ഉൽപ്പന്നം തിരികെ അയയ്ക്കപ്പെടുന്ന സാഹചര്യം ഉണ്ടെന്നും ഏലം കൃഷി പൂർണ്ണമായും തകർച്ച നേരിടുന്ന സാഹചര്യം കണക്കിലെടുത്ത് കൃഷി വകുപ്പും ഏലം റിസർച്ച് സെന്ററും ചേർന്ന് സംസ്ഥാനത്തെ ഏലം കൃഷി കീടനാശിനി വിമുക്തമാക്കുന്നതിനും ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് രോഗപ്രതിരോധശേഷിയും ഉത്പാദനശേഷിയുമുള്ള ഇനങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൃഷി വകുപ്പിന്റെ ടി.ക്യൂ. നമ്പർ 22908/17 തീയതി 30-1-2019 സർക്കുലർ പ്രകാരം അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയല്ലാതെ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും, കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നതും പൂർണ്ണമായും നിയന്ത്രിക്കേണ്ടതാണെന്നും കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്തുവാനും ഡിപ്പോകൾക്ക് നിർദ്ദേശം നൽകാനും കർഷകർക്ക് ഇതു സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും ഏലം കൃഷി ചെയ്യുന്ന ഇടുക്കി ജില്ലയിലുൾപ്പെടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

പാമ്പാടുംപാറ ഏലം ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന വിവിധ ഗവേഷണ ട്രയലുകളിൽ, മികച്ചതായി കണ്ടെത്തിയ ഇനങ്ങളിൽ (പുറത്തിറക്കിയ ഇനങ്ങൾ ഉൾപ്പെടെ) രോഗപ്രതിരോധ ശേഷി കാണിക്കുന്നവയെ കണ്ടെത്താനുള്ള പരീക്ഷണം കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി സ്റ്റേറ്റ് പ്ലാൻ സ്കീമിൽ "സ്ക്രീനിംഗ് ഓഫ് കാർഡമം ജേം പ്ലാസം ആക്സെഷൻസ് മെയിന്റേയിൻഡ് അറ്റ് സി.ആർ.എസ്. പാമ്പാടുംപാറ എഗൻസ്റ്റ് മേജർ ഡിസീസ്" എന്ന പ്രോജക്ട് നിലവിലുണ്ട്. ഇത്തരം ഇനങ്ങൾ പ്രയോജനപ്പെടുത്തികൊണ്ട് ഉല്പാദനവും രോഗപ്രതിരോധ ശേഷിയും ഉറപ്പാക്കുന്ന ഇനങ്ങൾ ഉരുത്തിരിച്ചെടുക്കാനുള്ള ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഏലം കയറ്റുമതിയെത്തന്നെ സാരമായി ബാധിക്കാവുന്ന കീടനാശിനി സാന്നിദ്ധ്യം നീക്കം ചെയ്യുന്നതിലേക്കായുള്ള വിവിധ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനായുള്ള പരീക്ഷണങ്ങൾ കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറി കാർഷിക കോളേജ്

വെള്ളായണിയിൽ ആരംഭിച്ച് കഴിഞ്ഞു. 2018-2020 വർഷത്തിലെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥിനിയുടെ ഗവേഷണം പൂർണ്ണമായും ഈ മേഖലയിലാണ്. അതോടൊപ്പം സേഫ് ടു ഈറ്റ് പദ്ധതിയുടെ ഭാഗമായി അവശിഷ്ട വിഷാംശം നീക്കം ചെയ്യാനുള്ള പരീക്ഷണങ്ങളും നടന്നുവരുന്നു.

ഏലം കർഷകരുടെ ഇടയിൽ കീടനാശിനി ഉപയോഗത്തെ കുറിച്ചും അവശിഷ്ട വിഷാംശത്തെ കുറിച്ചുമുള്ള ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിലേക്കായി വിവിധ പരിശീലന പരിപാടികളും ശാസ്ത്രജ്ഞർ നടത്തിവരുന്നു.

ശിപാർശ

തേയിലത്തോട്ടങ്ങളിലും ചില കാഷ്യൂ പ്ലാന്റേഷനുകളിലും തോട്ടങ്ങളിലും അമിതമായ അളവിൽ നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെ ശക്തമായ പരിശോധനകളും ബോധവൽക്കരണ നടപടികളും സ്വീകരിക്കണമെന്നും കേരളത്തിൽ ഉത്പ്പാദിപ്പിക്കുന്ന ഏലം, കുരുമുളക് തുടങ്ങിയ സുഗന്ധവിളകൾക്ക് കയറ്റുമതിക്ക് അനുയോജ്യമായ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിരോധിച്ച മാരക കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ / കൃഷി ശാസ്ത്ര ബിരുദധാരികളായ കൃഷി ഓഫീസർമാർ എല്ലാ മാസവും അതാതു പ്രദേശത്ത് ഡിപ്പോകൾ നിർബന്ധമായും പരിശോധിച്ചുവരുന്നു. നിരോധിത കീടനാശിനികളുടെ വിപണനം തടയുന്നതിന് പ്രാദേശിക/ജില്ലാ/സംസ്ഥാന തലത്തിൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. നിരോധിത കീടനാശിനികൾ വിറ്റഴിക്കപ്പെടുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടാൽ ടി ഡിപ്പോകൾക്കെതിരെ കർശന നടപടികളും സ്വീകരിക്കുന്നുണ്ട്. "കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ സുരക്ഷിത ഭക്ഷണം ഉറപ്പാക്കൂ" എന്ന പേരിൽ 21-1-2019 മുതൽ 31-1-2019 വരെ ക്യാമ്പയിനും കൃഷിവകുപ്പ് സംഘടിപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ ബോധവൽക്കരണ പരിപാടികളെല്ലാം ഏലം, കുരുമുളക്, കശുമാവ്, തേയില കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ ഊർജ്ജിതമായി ചെയ്യുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

ശിപാർശ

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴങ്ങളിലും പച്ചക്കറികളിലും ന്യൂജനറേഷൻ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടെന്നും സാധാരണ കീടനാശിനിയുടെ പത്തിലൊരു ഭാഗം മതിയെന്നതിനാൽ കൃഷിക്കാർ ഇത് ധാരാളമായി ഉപയോഗിക്കുന്നുണ്ടെന്നും ബ്രെയിൻ സിസ്റ്റത്തെ സാരമായി ബാധിക്കുന്ന ഇത്തരം കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

ന്യൂ ജനറേഷൻ ഉൾപ്പെടെയുള്ള കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനി വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിനുവേണ്ടി കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സുകളും ക്യാമ്പയിനുകളും നടത്തി വരുന്നു.

ശിപാർശ

ജൈവ ഉത്പന്നങ്ങൾക്ക് സ്റ്റാൻഡേർഡൈസേഷനും ലൈസൻസിംഗും ജി.എ.പി., പി.ജി.എസ്. സർട്ടിഫിക്കേഷനുകൾ ഉണ്ടെങ്കിലും ജൈവവളങ്ങളുടെ ഉത്പാദനവുമായി ബന്ധപ്പെട്ട കാര്യത്തിൽ യാതൊരുവിധ നിയന്ത്രണങ്ങളോ മാനദണ്ഡങ്ങളോ നിയമങ്ങളോ നിലവിൽ ഇല്ല എന്ന് സമിതി നിരീക്ഷിച്ചു. ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും സ്റ്റാൻഡേർഡ് നിശ്ചയിക്കേണ്ടതാണെന്ന് വിലയിരുത്തിയ സമിതി ആയത് നടപ്പിലാക്കുന്നതിനായി ഒരു സെൽ രൂപീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ ജൈവ വളങ്ങളുടെ ഗുണനിലവാരം ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരവും ജൈവ കീടനാശിനികളുടെ ഗുണനിലവാരം ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരവും ഉള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിശ്ചയിക്കുന്നത്. ഇതിൽ പരാമർശിച്ചിട്ടില്ലാത്ത വിപണിയിൽ ലഭ്യമായ പുതിയ ജൈവ വളങ്ങളുടെയും ജൈവ

കീടനാശിനികളുടെയും ഗുണനിലവാരം കൃഷി ഡയറക്ടർ അദ്ധ്യക്ഷനും കാർഷിക സർവ്വകലാശാലയുടെ പ്രതിനിധികൾ അംഗങ്ങളായ സംസ്ഥാനതല ഫെർട്ടിലൈസർ കമ്മിറ്റി കൂടി തീരുമാനിക്കുന്നതാണ്. ജി.ഒ. (ആർറ്റി.) നമ്പർ 911/17/കൃഷി തീയതി, 23-9-2017 പ്രകാരം ക്വാളിറ്റി കൺട്രോൾ എൻഫോഴ്‌സ്മെന്റ് വിങ് രൂപീകരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രധാന കാർഷിക ഉത്പാദന ഉപാധികളായ വളം, കീടനാശിനി എന്നിവയുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് കാർഷിക ഉത്പാദന കമ്മീഷണർ ചെയർമാനായി ഒരു എക്സ്‌പെർട്ട് കമ്മിറ്റി കൂടി രൂപീകരിച്ചിട്ടുണ്ട്.

## 2. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച റിപ്പോർട്ട്

ശിപാർശ

പുഴകളുടെയും തോടുകളുടെയും ശോചനീയാവസ്ഥയ്ക്ക് മറ്റൊരു കാരണം അവയുടെ അതിർത്തിക്കുള്ളിലെ കയ്യേറ്റമാണ്. അവയുടെ പല ഭാഗങ്ങളും ജനങ്ങൾ കയ്യേറി കൃഷിയും മറ്റു പ്രവൃത്തികളും നടത്തിക്കൊണ്ടിരിക്കുന്നു. ചില ഭാഗങ്ങളിൽ ഇഷ്ടിക ചൂളകൾ വരെ നടത്തുന്നുണ്ട്. ചില തോടുകൾ പൂർണ്ണമായും കയ്യേറി പലരും കൈവശം വച്ചിരിക്കുന്നു. പുഴയുടെ ഇരുകരകൾക്കും പുറമേ വെള്ളം ഒഴുകുന്ന ഭാഗം (River Bed) വരെ ചില ഭാഗത്ത് കയ്യേറിയതായി മനസ്സിലാക്കാൻ കഴിഞ്ഞു. അതുകൊണ്ട് പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി കയ്യേറിയ സ്ഥലങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുക എന്നതാണ് പരിഹാരം. ഇതിനായി പഞ്ചായത്തുകൾക്ക് റവന്യൂ വകുപ്പിന്റെ സഹായം ആവശ്യപ്പെടാവുന്നതാണ്. പഞ്ചായത്തുമായി സഹകരിച്ച് അതിർത്തി നിർണ്ണയത്തിനായി പ്രത്യേകമായ ഒരു സർവ്വേ സെൽ റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിന് ആവശ്യമുള്ള ചെലവ് ഇപ്പോൾ നിലവിലുള്ള റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് എടുക്കാവുന്നതാണ് എന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

പുഴകളുടേയും തോടുകളുടേയും ഉൾപ്പെടെ സർക്കാർ പുറമ്പോക്ക് ഭൂമിയിലെ മുഴുവൻ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് 1957-ലെ ഭൂസംരക്ഷണ നിയമവും അനുബന്ധമായുള്ള 1958-ലെ ചട്ടങ്ങളുടേയും, 2001-ലെ കേരള നദീതീര സംരക്ഷണ നിയമത്തിന്റേയും അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ

ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാക്കുന്നതിലേക്കായി സർക്കാരിന്റെ 10-9-2018-ലെ സ.ഉ. (സാധാ.) 3778/2018/റവ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറേയും അസിസ്റ്റന്റ് കമ്മീഷണറേയും മറ്റ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട് ആയതിന് തുടർച്ചയായി ജില്ലാ തലത്തിലും താലൂക്ക് അടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിലെ 44 നദികളുടേയും സംരക്ഷണ ചുമതല മുൻ കാലങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പുകൾക്കായിരുന്നു. എന്നാൽ അനിയന്ത്രിതമായതും അവിവേക പൂർണ്ണവുമായ മണൽ വാരൽ അധികരിച്ച കാരണം നദികളുടെ ആഴം വർദ്ധിക്കുകയും കര ഇടിച്ചിൽ വർദ്ധിക്കുകയുമുണ്ടായി. തന്മൂലം നദികളുടെ സ്വാഭാവിക ജൈവവൈവിദ്ധ്യ ഘടനയെ തന്നെ ബാധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം പരിസ്ഥിതി ആഘാതങ്ങൾ തടയുന്നതിന്റെ ഭാഗമായി ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ നദികളുടെ നിയന്ത്രണം പഞ്ചായത്തിൽ നിന്നും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാകുകയുണ്ടായി. നിലവിൽ ടി 9 നദികളുടെ സംരക്ഷണം റവന്യൂ വകുപ്പിനും ബാക്കിയുള്ള 35 നദികളുടെ സംരക്ഷണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ്. എന്നാൽ 35 നദികളുടേയും സംരക്ഷണം പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കെ വ്യാപകമായി നദീതീരങ്ങൾ കയ്യേറി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുന്നതിനുള്ള നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന ദയനീയ സ്ഥിതി നദീതീര ഭൂപട നിർമ്മാണ സർവ്വെയിലൂടെ വ്യക്തമായിട്ടുള്ളതാണ്. 1957-ലെ ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 16 പ്രകാരം അപ്പീൽ/റിവിഷൻ എന്നിവ കേൾക്കുന്നതിനുള്ള അധികാരം ഒഴികെ വകുപ്പ് 15 പ്രകാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമായിരുന്ന മറ്റ് അധികാരങ്ങൾ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കുകൂടി നൽകി കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ നദീതീരങ്ങളിൽ വ്യാപകമായ കയ്യേറ്റങ്ങൾ ഉണ്ടായിട്ടുകൂടി പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള നദികളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുകാണുന്നില്ല.

ഖണ്ഡിക 77-ൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ യാഥാർത്ഥ്യമാണെന്ന് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന റിവർ ബാങ്ക് മാപ്പിംഗ് പദ്ധതിയിലൂടെ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയുടെ പ്രധാന ഭാഗങ്ങളുടെ റിവർ ബാങ്ക് മാപ്പിംഗ് പൂർത്തിയായിട്ടുണ്ട്. ഭാരതപ്പുഴയുടെ പ്രധാന പോഷക, നദികളായ തൂതപ്പുഴ, ഗായത്രിപ്പുഴ എന്നിവയ്ക്ക് പുറമേ ഭവാനിപ്പുഴയുടെ റിവർ ബാങ്ക് മാപ്പിംഗും

24-1-2017-ലെ സ.ഉ. (സാധാ.) നമ്പർ 355/17/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുരോഗമിക്കുകയാണ്. റിവർ ബാങ്ക് മാപ്പിംഗ് പദ്ധതിയുടെ നടത്തിപ്പിനായി റിവർ മാനേജ്മെന്റ് സെന്റർ എന്ന ഗവേഷണ സ്ഥാപനം ഐ.എൽ.ഡി.എം.-ൽ പ്രവർത്തിച്ചുവരുന്നു.

30-4-2019-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം സംസ്ഥാനത്തെ 44 നദികളുടേയും അതിർത്തി നിർണ്ണയിച്ച് ജണ്ട സ്ഥാപിച്ച് സംരക്ഷിക്കുന്ന പദ്ധതി ആരംഭിക്കുന്നതിനും അതിനുവേണ്ട പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഐ.എൽ.ഡി.എം.-ലെ റിവർ മാനേജ്മെന്റ് സെന്ററിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി 26-7-2019-ന് സർവ്വെ ഡയറക്ടറേയും കേരള ലാൻഡ് ഇൻഫർമേഷൻ മിഷനേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു യോഗം ഐ.എൽ.ഡി.എം.-ൽ വച്ച് ചേർന്നു. നദികളുടെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള സർവ്വെ ഭാരിച്ച ഒരു പ്രവൃത്തി ആയതിനാൽ ഘട്ടം ഘട്ടമായി നടത്തുന്നത് ആണ് ഉചിതമെന്ന് യോഗം തീരുമാനിച്ചു. ആദ്യ ഘട്ടത്തിൽ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ള 9 നദികളിൽ (കരമന, വാമനപുരം, കല്ലട, പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, ചാലിയാർ & ചന്ദ്രഗിരി) റിവർ ബാങ്ക് മാപ്പിംഗ് നടത്തുന്നതിനും അതിനുള്ള പൈലറ്റ് സർവ്വെ തിരുവനന്തപുരം ജില്ലയിലെ കരമന നദിയിൽ നടത്തുന്നതിനും തീരുമാനിച്ചു. സർവ്വെ വകുപ്പിലെ സർവ്വേയർമാരെ വില്ലേജ് തലങ്ങളിൽ പ്രത്യേകം നിയോഗിച്ചു കൊണ്ട് ആധുനിക സർവ്വെ നടപടികളിലൂടെ നദികളുടെ അതിർത്തി നിർണ്ണയം നടത്തി ജണ്ട സ്ഥാപിച്ച് സംരക്ഷിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി അതാത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കേണ്ടതാണെന്ന് 8-8-2019-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയിൽ തീരുമാനമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### 3. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ടിന്മേൽ സമിതിയാരാഞ്ഞ അധികവിവരം

റബ്ബർ ടാപ്പിംഗ് രീതിയെ കുറിച്ച് കൂടുതൽ വ്യക്തത ആവശ്യപ്പെടുകയും പ്രസ്തുത രീതിയുടെ സോഷ്യൽ ഇംപാക്ട്, ടാപ്പിംഗിന് ഉപയോഗിക്കുന്ന ഉത്തേജക പദാർത്ഥത്തിന് പരിസ്ഥിതിയ്ക്ക് ഹാനികരമാകുന്ന പാർശ്വഫലങ്ങൾ എന്തെങ്കിലുമുണ്ടോ എന്നതു സംബന്ധിച്ച വിശദമായ പഠനം നടത്തി ഒരു റിപ്പോർട്ട് ലഭ്യമാക്കുവാൻ ആണ് സമിതി ആവശ്യപ്പെട്ടിട്ടുള്ളത്.

<u>സ്വീകരിച്ച നടപടി</u>

കാർഷിക മേഖലയിൽ വിവിധ വിളകളിൽ ഉപയോഗിക്കുന്നതിന് കേന്ദ്ര ഇൻസെക്ടിസൈഡ് കൺട്രോൾ ബോർഡ് (ഭാരത സർക്കാർ) ഇൻസെക്ടിസൈഡ് ആക്ട്

മുഖേന അംഗീകരിച്ചിട്ടുള്ള ഒരു സുരക്ഷിത കാർഷിക രാസവസ്തു (ഹോർമോൺ) ആണ് എത്തഫോൺ റബ്ബറിൽ ഇടവേള കൂടിയ ടാപ്പിംഗ്, നിയന്ത്രിത കമഴ്ത്തിവെട്ട്, സ്ലാട്ടർ ടാപ്പിംഗ് എന്നീ സമ്പ്രദായങ്ങളിലാണ് വീര്യം കുറഞ്ഞ (2.5%, 5%) എത്തഫോൺ പൊതുവെ ഉപയോഗിക്കുന്നത്. കേരളത്തിലെ പല റബ്ബർ തോട്ടങ്ങളിലും ശിപാർശ പ്രകാരം എത്തഫോൺ ആവശ്യാനുസരണം ഉപയോഗിച്ചുവരുന്നു. ഇടവേള കൂടിയ ടാപ്പിംഗ് രീതികളിൽ ടാപ്പിംഗ് ദിനങ്ങൾ കുറയുന്നതുമൂലമുള്ള ഉൽപ്പാദനക്കുറവ് നികത്തുവാൻവേണ്ടി മാത്രമാണ് എത്തഫോൺ റബ്ബർ മരങ്ങളിൽ ഉപയോഗിക്കുന്നത്. എത്തഫോൺ വിഘടിക്കുമ്പോൾ ക്ലോറൈഡ്, ഫോസ്ഫേറ്റ്, എത്തിലിൻ എന്നീ നിരുപദ്രവ വസ്തുക്കൾ ഉണ്ടാകുന്നു. സ്വാഭാവികമായി ചെടികളിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു സസ്യ ഹോർമോൺ ആണ് എത്തിലിൻ. എത്തിലിൻ റബ്ബറിന്റെ പാലൊഴുക്ക് ദീർഘിപ്പിക്കുകയും ആദായ വർദ്ധനവിന് സഹായിക്കുകയും ചെയ്യുന്നു. മാത്രവുമല്ല ആദായ വർദ്ധനവിന് ആനുപാതികമായി ടാപ്പിംഗ് തൊഴിലാളിക്ക് കൂലി ഉറപ്പാക്കുവാനും സാമൂഹ്യപരമായ സാമ്പത്തിക ഉന്നമനത്തിനും ഇതു സഹായകരമാകുന്നു. ഉൽപ്പാദന ചെലവ് കുറച്ച് വിളവ് ഒട്ടും കുറയാതെ റബ്ബർ കൃഷിയും ആദായമെടുപ്പും ലാഭകരമായി നടത്തുവാനാണ് റബ്ബറിൽ എത്തഫോൺ ശിപാർശ ചെയ്തിരിക്കുന്നത്. ടാപ്പിംഗ് തൊഴിലാളി ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുവാനും ഇതുവഴി സാധിക്കുന്നു. ലോകമെമ്പാടുമുള്ള മറ്റു രാജ്യങ്ങളിലും റബ്ബറിലും മറ്റു കാർഷിക വിളകളിലും എത്തഫോൺ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ഒരു ഭക്ഷ്യവസ്തുവായ പൈനാപ്പിളിൽ പോലും എത്തഫോൺ ഉപയോഗിക്കുമ്പോൾ റബ്ബർ തോട്ടങ്ങളിൽ എത്തഫോൺ ഉപയോഗിക്കുന്നത് ഒരു തരത്തിലും പരിസ്ഥിതിക്ക് ഹാനികരമായോ സാമൂഹ്യപരമായോ അല്ലാതെയോ ദോഷകരമായി ബാധിക്കുന്നില്ല എന്നാണ് റബ്ബർ ബോർഡ് അറിയിച്ചിട്ടുള്ളത്.

**4. 'ഉപജീവന മാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം-സർക്കാർ പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ടിലെ ഖണ്ഡിക 15-ന്മേൽ സമിതിയാരാഞ്ഞ അധികവിവരം**

<u>ശിപാർശ</u>

"കുളമ്പുരോഗം തടയുന്നതിൽ ആവശ്യമായ വാക്സിനുകൾ കൃത്യമായി ലഭ്യമാക്കുന്നതിലും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലും വകുപ്പുതലത്തിൽ ഫലപ്രദമായ നടപടികൾ തുടർന്നും കൈക്കൊള്ളണമെന്നും ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പുവരുത്തണമെന്നും രോഗബാധമൂലം കന്നുകാലികൾ മരിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകാൻ കാലതാമസമുണ്ടാകരുതെന്നും സമിതി ശിപാർശ ചെയ്യുന്നു".

<u>സ്വീകരിച്ച നടപടി</u>

പ്രകൃതി ദുരന്തങ്ങൾ പോലുള്ള ആകസ്മികമായ ദുരിതങ്ങൾ നേരിടുന്നതിനും കുളമ്പ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും മറ്റുമായി ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിലെ റൂറൽ ഡെയറി എക്സ്റ്റൻഷൻ & അഡ്വൈസറി സർവ്വീസസ് (2404-00-102-96-34-03—Other Items) എന്ന പദ്ധതിയിൽ കണ്ടിജൻസി ഫണ്ട് എന്ന പദ്ധതി ഉപഘടകത്തിൽ തുക വകയിരുത്തിവരുന്നു. നിലവിൽ പരമാവധി 15,000 രൂപയാണ് ഒരു കർഷകന് ധനസഹായ തുകയായി അനുവദിക്കുന്നത്.

കുളമ്പുരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2014-15-ൽ 343 പേർക്കും 2015-16-ൽ 101 പേർക്കും 2016-17-ൽ 98 പേർക്കും 2018-19-ൽ 30 പേർക്കും ചേർത്ത് ആകെ 572 ക്ഷീരകർഷകർക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നും ധനസഹായ തുക അനുവദിച്ചിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ കണ്ടിജൻസി ഫണ്ട് ഇനത്തിൽ 126 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രളയദുരന്തം ഉൾപ്പെടെയുള്ള അടിയന്തിര സാഹചര്യങ്ങൾക്കായി കർഷകർക്ക് ധനസഹായത്തുക അനുവദിക്കേണ്ടി വന്നതിനാൽ പ്രസ്തുത തുക കുളമ്പുരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 24-11-2020 തീയതിയിലെ ബി1/11538/2020 നമ്പർ കത്ത് പ്രകാരം 2020-2021 അന്തിമ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ധനവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

പി. പ്രസാദ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2021 ജൂലൈ 2.

## അനുബന്ധം

# 13-5-2020-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2020 മേയ് മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ വീഡിയോ കോൺഫറൻസ് ഹാളിൽ ബഹു. സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. പി. അനിൽകുമാർ, എം. എൽ. എ.
2. ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.

കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ വീഡിയോ കോൺഫറൻസ് ഹാളിൽ നിയമസഭാ ഐ.ടി. വിഭാഗവും ഐ. ടി. മിഷനും സംയുക്തമായി ഏർപ്പെടുത്തിയ വീഡിയോ കോൺഫറൻസിംഗ് സൗകര്യത്തിലൂടെ ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ. (പത്തനംതിട്ട), ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ. (കാസർഗോഡ്), ശ്രീ. എം. നൗഷാദ്, എം.എൽ.എ. (കൊല്ലം), ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ. (പാലക്കാട്) എന്നീ സമിതി അംഗങ്ങൾ അതത് ജില്ലാ കളക്ടറേറ്റുകളിലെ വീഡിയോ കോൺഫറൻസ് സൗകര്യം പ്രയോജനപ്പെടുത്തി യോഗത്തിൽ പങ്കെടുത്തു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇഷിതറോയ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.
2. ശ്രീ. എസ്. വെങ്കടേസപതി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
3. ശ്രീ. പ്രതാപചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. ഇഗ്നേഷ്യസ് മൺറോ, ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
5. ശ്രീമതി ശ്രീലത ആർ. എസ്., അണ്ടർ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

സമിതി, കേരള ഫിഷറീസ് (സബോർഡിനേറ്റ്) സർവ്വീസ് റൂൾ സംബന്ധിച്ച കരട് ചട്ടം പരിഗണനയ്ക്കെടുക്കുകയും മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

കേരള ഫിഷറീസ് (സബോർഡിനേറ്റ്) സർവ്വീസ് റൂൾ 1967-നിലവിൽ വന്നതിനുശേഷം The Kerala Marine Fishing Regulation Act (KMFRA)-ൽ ഭേദഗതി വരുത്തുകയും സീഡ് ആക്ട്, ഹാർബർ മാനേജ്മെന്റ് സൊസൈറ്റി എന്നിവ നിലവിൽ വരുകയും ചെയ്തു. പ്രവർത്തനങ്ങളിലും യോഗ്യതകളിലുമുണ്ടായ മാറ്റത്തിനനുസരിച്ച് യോഗ്യതകൾ ക്രോഡീകരിച്ചും കുഫോസ് പോലുള്ള സ്ഥാപനങ്ങൾ നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ചും കൂടാതെ വകുപ്പിലെ നിലവിലെ തസ്തികകളെല്ലാം ഗ്രൂപ്പുകളായി തിരിച്ച് മൾട്ടി എംപ്ലോയ്ബിലിറ്റി സിസ്റ്റത്തിലേയ്ക്ക് മാറ്റാനും വിവിധ തൊഴിൽ മേഖലകളിൽ അനുഭവ സമ്പത്തുള്ളവരുടെ കഴിവ് പ്രയോജനപ്പെടുത്തുന്നതിനും വേണ്ടിയാണ് സ്പെഷ്യൽ റൂൾ നടപ്പാക്കുന്നതെന്ന് ഫിഷറീസ് വകുപ്പ് ഡയറക്ടർ ആമുഖമായി പറഞ്ഞു.

ഫിഷറീസ് വകുപ്പിൽ ഓരോ തസ്തികയിലേയ്ക്കുമുള്ള യോഗ്യതയിൽ മാറ്റമുണ്ടായിട്ടുണ്ടെന്നും, പഴയ തസ്തികകളിൽ ചിലത് നിലവിൽ ആവശ്യമില്ലാത്ത സാഹചര്യത്തിലും ഇതുസംബന്ധിച്ച് വിശദമായി പഠിച്ച്, പി.എസ്.സി.-യിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തിയാണ് കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നതെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർക്കും ഫിഷറീസ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർക്കും നിലവിൽ ഒരേ ഗ്രേഡാണോ എന്നും നാലു കാറ്റഗറികളിലായി ആകെ എത്ര തസ്തികകളുണ്ടെന്നും ഫിഷറീസ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷനിലൂടെ നിയമനം സാധ്യമല്ലേ എന്നുമുള്ള സമിതിയുടെ അന്വേഷണത്തിന്, മത്സ്യബന്ധന വകുപ്പിനുകീഴിൽ മിനിസ്റ്റീരിയൽ, ടെക്നിക്കൽ, കോ-ഓപ്പറേറ്റീവ് എന്നിങ്ങനെ 3 വിംഗുകളാണ് ഉള്ളതെന്നും ഫിഷറീസ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ കാറ്റഗറിയിൽ 50-ഉം A.F.E.O കാറ്റഗറിയിൽ 54-ഉം, ഫിഷറീസ് ഓഫീസർ കാറ്റഗറിയിൽ 102-ഉം ഫിഷറീസ് അസിസ്റ്റന്റ് കാറ്റഗറിയിൽ 75-ഉം ഉൾപ്പടെ ആകെ 281 തസ്തികകൾ ഉണ്ടെന്നും ഇതിൽ ഫിഷറീസ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക കോ-ഓപ്പറേറ്റീവ് വിംഗിൽ ഉൾപ്പെടുന്നതാണെന്നും ടി തസ്തികയിലെ നിയമനങ്ങൾ 1980-ൽ പുറപ്പെടുവിച്ച ഒരു എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നതെന്നും ടി ഉത്തരവിലെ റേഷ്യോയും യോഗ്യതയും തന്നെയാണ് സ്പെഷ്യൽ റൂളിലും ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഉദ്യോഗസ്ഥർ

സമിതിയെ അറിയിച്ചു. റൂൾ 3-ലെ Assistant Fisheries Extension Officer-ന്റെ Method of Appointment-ൽ 'In the absence of qualified persons for appointment by promotion, the vaccancies shall be filled up by direct recruitment' എന്ന clause ഒഴിവാക്കേണ്ടതല്ലേ എന്ന സമിതിയുടെ ചോദ്യത്തിന്, ടി തസ്തികയിലേയ്ക്ക് by promotion ആയി ഫിഷറീസ് ഓഫീസർ എന്ന തസ്തികയുണ്ടെന്നും യാദൃശ്ചികമായി പ്രസ്തുത തസ്തികയിൽ കുറവ് സംഭവിക്കുകയാണെങ്കിൽ നിയമനം നടത്തുന്നതിനായി ഡയറക്ട് റിക്രൂട്ട്മെന്റ് എന്ന clause ചേർത്തതാണെന്നും Assistant Fisheries Extension Officer-മാരുടെ എണ്ണം 54-ഉം ഫിഷറീസ് ഓഫീസർമാരുടെ എണ്ണം 102-ഉം ആയതിനാൽ Assistant FEO തസ്തികയിൽ ഒഴിവുള്ള തസ്തികകൾ by Promotion-ലൂടെ നികത്താൻ സാധിക്കുമെന്നും അപ്രകാരം നിയമിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മാത്രമേ ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുവാൻ സാധിക്കൂ എന്നാണ് സ്പെഷ്യൽ റൂളിൽ സൂചിപ്പിച്ചിരിക്കുന്നതെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഡയറക്ട് റിക്രൂട്ട്മെന്റ് എന്നു വരുമ്പോൾതന്നെ അവിടെ റേഷ്യോ കൂടി വ്യക്തമാക്കേണ്ടിവരും എന്നതിനാൽ അങ്ങനെയൊരു ക്ലോസ്സ് ചേർക്കാൻ സാധിക്കില്ല എന്ന് നിയമവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഇപ്രകാരം ഒരു clause ചേർക്കുമ്പോൾ ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള തസ്തികകളുടെ എണ്ണവും അനുപാതവും യോഗ്യതയുമൊക്കെ ചട്ടത്തിൽ കൃത്യമായി നിഷ്ക്കർഷിക്കേണ്ടിവരുമെന്നും അപ്രകാരം ചെയ്യുന്നത് നിലവിലുള്ള ഉദ്യോഗസ്ഥരെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ ടി ക്ലോസ്സ് ഒഴിവാക്കാൻ സമിതി വകുപ്പിന് നിർദ്ദേശം നൽകി.

വകുപ്പിൽ നിലവിലുള്ള റൂളിൽ 37 വ്യത്യസ്ത കാറ്റഗറികളുണ്ടെന്നും പുതിയതായി കൊണ്ടുവന്ന റൂളിൽ 4 കാറ്റഗറികൾ മാത്രമാണ് ഉള്ളതെന്നും മറ്റ് കാറ്റഗറികളെകുറിച്ച് പുതിയ റൂളിൽ ഒന്നുംതന്നെ പരാമർശിച്ചിട്ടില്ല എന്നും സബോർഡിനേറ്റ് സർവ്വീസിലെ എല്ലാ പോസ്റ്റുകളും സൂചിപ്പിച്ച ശേഷം ഏതൊക്കെ തസ്തികകൾ ഒഴിവാക്കുന്നുവെന്നും ഉൾപ്പെടുത്തുന്ന തസ്തികകളുടെ ശമ്പള സ്കെയിലും പ്രൊമോഷന്റെ മാനദണ്ഡങ്ങളും ഉൾപ്പെടുന്ന ഒരു നോട്ട് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും നിയമസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ കാറ്റഗറി I ആയ Fisheries Co-operative Inspector തസ്തികയിലേയ്ക്ക് by transfer നിയമന രീതി നിർദ്ദേശിച്ചിരിക്കുന്നതിനാൽ അത് സെപ്പറേറ്റ് വിംഗായി രേഖപ്പെടുത്തണമെന്നും JDC/HDC യോഗ്യത ഉള്ളവരെ മാത്രം പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിച്ചാൽ മതി എന്നും Assistant FEO is getting the post of Fisheries Co-operative Inspector by promotion only if he is having JDC/HDC. But, at the same time a person having SSLC and

JDC qualification can become Fisheries Co-operative Inspector എന്നു പറയുന്നത് ശരിയല്ലെന്നും ആയതിനാൽ Fisheries Co-operative Inspector എന്നത് ഒരു സെപ്പറേറ്റ് വിംഗാക്കണമെന്നും നിയമസഭാ സെക്രട്ടറി അറിയിച്ചു.

വകുപ്പിൽ 32 കാറ്റഗറി ഉണ്ടായിരുന്നെങ്കിലും 2003-ൽ തസ്തിക നിർത്തലാക്കിയതിനാൽ നിലവിൽ 12 കാറ്റഗറി മാത്രമാണ് ഉള്ളതെന്നും സമിതി പരിഗണിക്കുന്ന സ്പെഷ്യൽ റൂളിൽ Category 4 ഏറ്റവും താഴ്ന്ന തസ്തികയാണെന്നും അതിൽ നിന്നുമാണ് Category 3, Category 2, Category 1 (Gazetted post) എന്നിവയിലേയ്ക്ക് by promotion നല്കുകയാണെന്നും Assistant Fisheries Extension Officer-ക്ക് JDC/HDC യോഗ്യതയില്ലെങ്കിൽ Fisheries Co-operative Inspector ആയി promotion കിട്ടില്ല എന്നും വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

അസിസ്റ്റന്റ് ഫിഷറീസ് Extension Officer തസ്തികയിൽ നിന്നും ഡയറക്ടായി ഗസറ്റഡ് തസ്തികയിലേയ്ക്ക് പോകുന്നതിന് സാധിക്കുമോ എന്ന സമിതിയുടെ അന്വേഷണത്തിന് സ്പെഷ്യൽ റൂൾസ് പ്രകാരം അപ്രകാരം സാധിക്കുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

അപ്രകാരമുള്ള ഗസറ്റഡ് തസ്തികയിലേയ്ക്കുള്ള നിയമനവും Fisheries Co-operative Inspector തസ്തികയിലേയ്ക്കുള്ള പ്രൊമോഷനും തമ്മിലുള്ള വ്യത്യാസം അന്വേഷിച്ച സമിതിയോട്, ഫിഷറീസ് സയൻസ് പഠിച്ചവർക്കുമാത്രമേ Fisheries Extension Officer തസ്തികയിൽ നിന്നും ഗസറ്റഡ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുകയുള്ളൂവെന്നും ടി യോഗ്യതയില്ലാത്ത വർക്ക് Fisheries Co-operative Inspector തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുമെന്നും ടി തസ്തികയിൽ Category 2-നേക്കാൾ ഒരു ഇൻക്രിമെന്റ് മാത്രമേ കൂടുതൽ ലഭിക്കുകയുള്ളൂവെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സ്പെഷ്യൽ റൂൾസിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നത് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് റീ ഡെസിഗ്നേറ്റ് ചെയ്യേണ്ടതല്ലേ എന്നും ഒരേ സ്കെയിൽ ഓഫ് പേയിൽ വരുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II എന്നിവയിൽ നിന്നും പ്രൊമോഷന് നിശ്ചയിച്ചിരിക്കുന്ന റേഷ്യോ 5:1 ആണ് എന്നും നിയമസഭാ സെക്രട്ടറി വ്യക്തമാക്കിയപ്പോൾ കോമൺ സർവ്വീസിൽ അപ്രകാരം റീ ഡെസിഗ്നേറ്റ് ചെയ്തിട്ടില്ലെന്നും Confidential Assistant തസ്തികകൾ 8 എണ്ണം മാത്രമേ ഉള്ളൂവെന്നും typist തസ്തിക അതിന്റെ അഞ്ചിരട്ടി വരുമെന്നും വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നല്കി.

മൂന്നാമത്തെ കാറ്റഗറിയിൽ നിന്നും ഒന്നും രണ്ടും കാറ്റഗറികളിലേയ്ക്ക് പ്രൊമോഷൻ നല്കേണ്ടതുണ്ടോ എന്നും Fisheries Officer can be promoted as Assistant Fisheries Extension Officer as well as Fisheries Co-operative Inspector എന്നാണ് റൂളിൽ

പരാമർശിച്ചിരിക്കുന്നതെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥർ സൂചിപ്പിച്ചപ്പോൾ Assistant Fisheries Extension Officer തസ്തികയുടെ അഭാവത്തിൽ മാത്രമേ ഫിഷറീസ് ഓഫീസറെ പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്ന് റൂളിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് വകുപ്പുദ്യോഗസ്ഥർ മറുപടി നല്കി.

മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ, നിയമവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ ചർച്ചയ്ക്കുശേഷം ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ, മാറ്റം വരുത്തി കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സമിതി അംഗീകരിച്ചു.

1. Under rule 3, in category No.1 regarding method of appointment for Fisheries Co-operative Inspector, the following shall be inserted below the note (ii)

   "(iii) By transfer appointment shall be done on the basis of exercising option from the qualified hands from the respective feeder categories. If any vacancy arises due to the non exercise of option by the officer under the categories 2 and 3 (Assistant Fisheries Extension Officer and Fisheries Officer), such vacancy shall be filled up with the remaining categories of Officers in the ratio allotted to them vide Note (i) & (ii) above, by maintaining interse seniority of the persons in the same category."

2. Under rule 3, in the method of appointment for category No.2 Assistant Fisheries Extension Officer, the Note shall be deleted.

3. Under rule 4, the note 1 after the table shall be modified as below.

   "Note 1 :- The employees who are working in the Fisheries Department as on the date of notification of these rules shall exercise option within 3 months to get appointment to the categories of post as per these Special Rules subject to their seniority in the respective feeder categories and qualification. The option once exercised shall be final.

The following officers in erstwhile Special rules namely:-

1. Fishery Development Officer/ Senior Co-operative inspector;

2. Research Assistant / Curator / Assistant extension officer / Inspector of Fisheries / Technical assistant / Fish culture officer / Fish farm manager;

3. Sub Inspector of Fisheries;

4. LD Investigator / Nursery keeper,

shall get appointment to Fisheries Co-operative Inspector (Category-1), Assistant Fisheries Extension Officer (Category-2), Fisheries Officer (Category-3) and Fisheries Assistant (Category-4) respectively in these Special Rules."

സാധാരണ രീതിയിൽ അച്ചടക്ക നടപടിയെടുക്കേണ്ടി വന്നാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെപ്പറ്റിയും അതിന്റെ കൺട്രോളിംഗ് അതോറിറ്റിയെക്കുറിച്ചും സ്പെഷ്യൽ റൂൾസിൽ പ്രതിപാദിക്കാറുണ്ടെങ്കിലും പ്രസ്തുത കരട് ചട്ടത്തിൽ ഇതുസംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല എന്നും സ്പെഷ്യൽ റൂളിൽ വ്യക്തമായി പ്രസ്തുത വിഷയം സൂചിപ്പിക്കേണ്ടതുള്ളതിനാൽ 'KS&SSR will be applied' എന്നെങ്കിലും റൂളിൽ രേഖപ്പെടുത്തണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നല്കി. കൂടാതെ Explanatory Note-ൽ 'The Existing Kerala Fisheries Subordinate Service Rules, 1967...' എന്നതിനു പകരം 'The Kerala Fisheries Subordinate Service Rules 1967' എന്ന് മാറ്റണമെന്നും സമിതി നിർദ്ദേശിച്ചു.

കോവിഡ്-19 സംബന്ധിച്ച പ്രോട്ടോക്കോൾ പാലിച്ച് ചേർന്ന സമിതിയോഗത്തിൽ നേരിട്ട് ഹാജരാകാൻ കഴിയാതിരുന്ന അംഗങ്ങൾ അതത് ജില്ലാ കളക്ടറേറ്റുകളിൽ നിന്ന് വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്തത് കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി സംഭവിച്ച കാര്യമാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. ഇതിലേയ്ക്ക് സാങ്കേതിക സഹായം നല്കിയ എല്ലാപേർക്കും സമിതി നന്ദി രേഖപ്പെടുത്തുകയും വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താൻ ചെയർപേഴ്സൺ ആവശ്യപ്പെടുകയും ചെയ്തു.

ലോക്ക്ഡൗൺ സമയത്ത്, നേരിട്ട് യോഗത്തിൽ ഹാജരാകാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുക്കാൻ അവസരമൊരുക്കിയതിൽ സമിതി അംഗങ്ങൾ നന്ദി രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

## 23-7-2020-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2020 ജൂലൈ മാസം 23-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ

എക്സ്-ഒഫീഷ്യോ അംഗങ്ങളായ വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീ. കെ.രാജുവും, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മയും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
2. ശ്രീ. എം. നൗഷാദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇഷിതാറോയ്, പ്രിൻസിപ്പൽ സെക്രട്ടറി & അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, കൃഷി വകുപ്പ്.
2. ശ്രീ. വേണു വാസുദേവൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
3. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
4. ഡോ. കെ. വാസുകി, ഡയറക്ടർ, കൃഷി വകുപ്പ്.
5. ശ്രീമതി അമ്പിളി കെ., ഡയറക്ടർ, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്.
6. ശ്രീമതി സി. എ. ലത, കമ്മീഷണർ, ലാൻഡ്-റവന്യൂ.
7. ശ്രീ. ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
8. ശ്രീ. സബീർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
9. ശ്രീ. ബോബി ആന്റണി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
10. ശ്രീമതി കവിത യു., മിഷൻ ഡയറക്ടർ & അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്.

11. ശ്രീ. ഷെരീഫ് എ. കെ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള.

12. ശ്രീമതി ജോസഫൈൻ കെ., ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്.

സമിതി, വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസ പത്രികകൾ, ആനുകാലിക/ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളുടെ കരട് എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. സമിതിയുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകൾ സംബന്ധിച്ച സർക്കാർ നടപടി സ്റ്റേറ്റ്മെന്റുകൾ

1. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ4699/സബ്.സി.സി2/2015/നി.സെ.)

ടി റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 13 സംബന്ധിച്ച് കൃഷി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് (കാലതാമസ പത്രിക സഹിതം) സമിതി അംഗീകരിച്ചു.

2. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2294/സബ്.സി.സി2/2018/നി.സെ.)

സമിതിയുടെ 28-5-2019 ലെ യോഗത്തിൽ ആവശ്യപ്പെട്ട മലബാർ മാർക്കറ്റ് കമ്മിറ്റിയ്ക്കുള്ള ധനസഹായം സംബന്ധിച്ച് കൃഷി വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട് (ഫയൽ നമ്പർ 3054/സബ്.സി.സി2/2019/നി.സെ.)

ഖണ്ഡിക നമ്പർ:-2, 3, 7, 13, 16, 19, 20, 21, 26, 27, 31, 32, 38-47, 54-60, 61-65, 67, 76, 77, 88, 89, 90 എന്നിവ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4. "ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ" എന്ന വിഷയം സംബന്ധിച്ച സമിതി റിപ്പോർട്ട്.

(ഫയൽ നമ്പർ 3862/സബ്.സി.സി2/2018/നി.സെ.)

ടി റിപ്പോർട്ടിലെ 19-22 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കൃഷി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5. "പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും" സംബന്ധിച്ച റിപ്പോർട്ട്.

(ഫയൽ നമ്പർ 15381/സബ്.സി.സി2/2010/നി.സെ.)

ടി റിപ്പോർട്ടിലെ 77-ാം ഖണ്ഡികയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ പുഴകളുടെയും തോടുകളുടെയും അതിർത്തി നിർണ്ണയിച്ച് ജണ്ട സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച ടി വിഷയം സബ്ജക്ട് കമ്മിറ്റി I-ന്റെ അധികാര പരിധിയിൽ വരുന്നതല്ലെന്ന് ബഹു. സമിതി ചെയർമാൻ വ്യക്തമാക്കി. പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി കയ്യേറിയ സ്ഥലങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുന്നതിനായി പഞ്ചായത്തുമായി സഹകരിച്ച് ഒരു 'സർവ്വേ സെൽ' റവന്യൂ വകുപ്പിന്റെ കീഴിൽ രൂപീകരിക്കണമെന്നതാണ് സമിതി ശിപാർശയിന്മേൽ 'സർവ്വേ സെൽ' രൂപീകരിച്ചതായും, ആയതിന്റെ പ്രവർത്തനങ്ങൾക്കായി അതാത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാന ഉന്നതതല സമിതിയിൽ തീരുമാനമെടുത്തതായും സമിതി ചൂണ്ടിക്കാട്ടി. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിന്റെ വിശദാംശം സമിതി ആരാഞ്ഞെങ്കിലും സാങ്കേതിക തടസ്സം കാരണം വകുപ്പുദ്യോഗസ്ഥന് മറുപടി നൽകാൻ സാധിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ സമിതി ആവശ്യപ്പെട്ട ടി വിഷയത്തിന്മേലുള്ള റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

II. സമിതിയിൽ സമർപ്പിച്ച ചുവടെ ചേർത്തിരിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു.

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (2018-19)
2. വി.എഫ്.പി.സി.കെ. (2018-19)

III. സമിതിയുടെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

IV. സമിതിയുടെ2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

ഉച്ചയ്ക്ക് ശേഷം 2.15 -ന് സമിതിയോഗം പിരിഞ്ഞു.

## 23-12-2020-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2020 ഡിസംബർ മാസം 23-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ വീഡിയോ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മയും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീ. കെ. രാജുവും (ഗൂഗിൾ മീറ്റ് മുഖേന) താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
3. ശ്രീ. എം. നൗഷാദ്, എം.എൽ.എ.

<u>ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത അംഗം</u> :

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. കെ. വാസുകി, ഡയറക്ടർ, കൃഷി വകുപ്പ്.
2. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി മിനി രവീന്ദ്രദാസ്, ഡയറക്ടർ, ക്ഷീര വികസന വകുപ്പ്.
4. ഡോ. അജിത് ജേക്കബ് ജോർജ്, ഡയറക്ടർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU).
5. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്.
6. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ് (ഗൂഗിൾ മീറ്റ് മുഖേന).
7. ശ്രീമതി ഷീല പി., ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്.

8. ശ്രീ. പ്രകാശ് സി. വി., ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്.

9. ഡോ. സുജ റ്റി. നമ്പ്യാർ, ജോയിന്റ് ഡയറക്ടർ, ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്, മൃഗസംരക്ഷണ വകുപ്പ്.

10. ഡോ. ബി. മനോജ് കുമാർ, രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് (KUFOS).

11. ശ്രീമതി അജിത ബി., ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്.

12. ശ്രീ. വി. സെൻ, ഡെപ്യൂട്ടി സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.

13. ശ്രീ. സുനിൽ കുമാർ ആർ., ഡെപ്യൂട്ടി ഡയറക്ടർ, ഫാം ഇൻഫർമേഷൻ ബ്യൂറോ.

14. ശ്രീ. സുമേഷ് കുമാർ സി., അണ്ടർ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്.

15. ഡോ. അരുൺ ജോർജ്, അസിസ്റ്റന്റ് പ്രൊഫസർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി.

16. ശ്രീമതി ശ്രീകല എസ്., മാനേജർ, കേരള ഫീഡ്സ് ലിമിറ്റഡ്.

17. ശ്രീ. പുരുഷോത്തമൻ കെ. പി., സീനിയർ അക്കൗണ്ട്സ് ഓഫീസർ, കൃഷിവകുപ്പ്.

18. ശ്രീമതി ജയകുമാരി പി.ബി, സീനിയർ സൂപ്രണ്ട്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.

19. ഡോ. ബി. ജ്യോതിഷ് കുമാർ, സ്റ്റേറ്റ് എപ്പിഡമോളജിസ്റ്റ്, ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്, മൃഗസംരക്ഷണ വകുപ്പ്.

സമിതി, 2020-ലെ കേരള അഗ്രികൾച്ചറൽ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ കരട്, വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസ പത്രികകൾ തുടങ്ങിയവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## I. കരട് ചട്ടത്തിന്റെ പരിഗണന-Kerala Agricultural State Service Special Rules 2020

പ്രസ്തുത ചട്ടത്തിലെ അഗ്രികൾച്ചറൽ ഓഫീസർ, സീനിയർ സയന്റിഫിക് അസിസ്റ്റന്റ് എന്നിവയുടെ പ്രൊമോഷൻ റേഷ്യോ 10:1 ആയി നിജപ്പെടുത്തിയിരിക്കുന്നത്

പുനഃപരിശോധിക്കണമെന്ന് സമിതിയംഗങ്ങൾ ആവശ്യപ്പെട്ടു. എന്നാൽ വിവിധ സർവ്വീസ് സംഘടനകളുമായി വിശദമായി ചർച്ച നടത്തിയാണ് പ്രസ്തുത റൂൾ തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനാൽ പ്രസ്തുത ചട്ടം ഇപ്പോൾ അംഗീകരിക്കാമെന്നും റേഷ്യോ സംബന്ധിച്ച വിഷയം പിന്നീട് പരിഗണിക്കാമെന്നും സമിതി ചെയർമാൻ അറിയിച്ചു. തുടർന്ന് താഴെപ്പറയുന്ന ഭേദഗതികളോടെ ടി ചട്ടം സമിതി അംഗീകരിച്ചു.

Rule 1

In Rule 1, for the figure “2020” the figure “2021” shall be substituted.

Rule 2

In rule 2, Under Branch -I- Extension and Development Wing

i. In category 1 “Secretary, State Agriculture Prices Board” shall be included at the end.

ii. In category 3 “Deputy Project Director, State Agriculture Management and Extension training Institutes” shall be replaced with “Deputy Director of Agriculture, State Agriculture Management and Extension training Institute.”

iii. In category 3 “ Editor cum press relations officer” shall be included at the end.

iv. In category 4 “Editor cum press relations officer” shall be deleted.

v. In category 4 “Chemist (State Agmark Grading Laboratory)/Technical Assistant to Director of Agriculture” shall be included at the end.

vi. In category 6 “Chemist Agricultural Officer (AGMARK)” shall be deleted.

Rule 3

In rule 3,

I. Under Branch -I- Extension and Development Wing

i. “ Secretary, State Agriculture Prices Board” shall be included at the end in column 1 against Sl No.1

ii. “Editor cum press relations officer” shall be included at the end in column 1 against Sl No.3

iii. “Deputy Director, State Agriculture Management and Extension training Institutes” shall be substituted with “ Deputy Director of Agriculture, State Agriculture Management and Extension Training Institute.” in column 1 against Sl No.3

iv. “Editor cum press relations officer” shall be deleted in column 1 against Sl No.4

v. “Chemist (State Agmark Grading Laboratory)/Technical Assistant to Director of Agriculture” shall be included at the end in column 1 against Sl No.4

vi. “Chemist Agricultural Officer (AGMARK)” shall be deleted in column 1 against Sl No.6

II. Under Branch -II- Engineering Wing. In category 3 “ Assistant Executive Engineer (Agricultural)” shall be replaced with “ Assistant Executive Engineer (Agriculture).”

III. Under Branch -III-Miscellaneous Wing the entries in column 2 against Sl. No.1 shall be replaced with

“ (a) By transfer from all the category of employees of Department of Agriculture Development and Farmer Welfare having lower scale of pay.

(b) In the absence of qualified candidates within the Department the post shall be filled by Direct recruitment.

(c) In the absence of both (a) & (b) above the post shall be filled by deputation from Labour Department” .

Rule 4

In rule 4

I. Under Branch -I- Extension and Development Wing

i. “ Secretary, State Agriculture Prices Board” shall be included at the end in column 1 against Sl No.1.

ii. “ Editor cum press relations officer” shall be included in column 1 against Sl No.3.

iii. “ Deputy Director State Agriculture Management and Extension training Institutes” shall be replaced with “ Deputy Director of Agriculture, State Agriculture Management and Extension training Institute” in column 1 against Sl No.3.

iv. “ Editor cum press relations officer” shall be deleted in column 1 against Sl No.4.

v. “ Chemist (State Agmark Grading Laboratory)/Technical Assistant to Director of Agriculture” shall be included at the end in column 1 against Sl No.4.

vi. “ Chemist Agricultural Officer (AGMARK)” shall be deleted in column 1 against Sl No.6.

II. Under Branch I-Extension and Development wing after the entries in column 3 against Sl No.2 the following shall be inserted

“ Note: For Principal information officer, in addition to the above qualification they shall have the following qualifications.

1. M.Sc (Ag) in any discipline with Farm Journalism/Agricultural Journalism/ Communication as one of the Elective Major/Minor Subject of Study

Or

2. Master of Communication and Journalism/Master of Journalism/M.A (Journalism)

Or

3. Post Graduate Diploma in Journalism/Diploma in Journalism

Or

4. P.G Degree/Degree/Diploma in Visual Communication”

III. Under Branch I-Extension and Development wing after the entries in column 3 against Sl No.3 the following shall be inserted

“ Note:- For Editor cum press relations officer, in addition to the above qualifications they shall have the following qualification.

1. M.Sc(Ag) in any discipline with Farm Journalism/ AgriculturalJournalism/Communication as one of the Elective Major/Minor Subject of Study

Or

2. Master of Communication and Journalism/Master of Journalism/M.A(Journalism)

Or

3. Post Graduate Diploma in Journalism/Diploma in Journalism

Or

4. P.G Degree/Degree/Diploma in Visual Communication"

IV. Under Branch I-Extension and Development wing after the entries in column 3 against Sl No.6 the following shall be inserted

" Note: For Assistant Editor in addition to the above qualifications they shall have the following qualification.

1. M.Sc(Ag) in any discipline with Farm Journalism/Agricultural Journalism/Communication as one of the Elective Major/Minor Subject of Study

Or

2. Master of Communication and Journalism/Master of Journalism/M.A(Journalism)

Or

3. Post Graduate Diploma in Journalism/Diploma in Journalism

Or

4. P.G. Degree/Degree/Diploma inVisual Communication"

V. Under Branch I-Extension and Development wing the existing note shall be renumbered as Note-1 and the following shall be inserted at the end of Note-1.

" The existing employees working in the department under category 1,2,3,4,5 and 6 as on the date of special rules and having previous qualification of

B.Sc degree in Agriculture/Horticulture with course of study having 10+2+3 pattern shall be considered at par with 10+2+4 pattern prescribed."

The following shall be inserted as Note-2

" Note 2:- All the posts included in state service in Farm Information Bureau except the post of Accounts Officer must have any of the following qualifications besides those specified as qualification for the respective posts

1. A Post Graduate Degree in any discipline with Farm Journalism/Agricultural Journalism/Communication as one of the Elective Major/Minor Subject of Study

Or

2. Master of Communication and Journalism/ Master of Journalism

Or

3. Post Graduate Diploma in Journalism/ Diploma in Journalism

Or

4. P.G Degree/Degree/Diploma in Visual Communication"

VI. Under Branch III- Miscellaneous wing, the entries in column 3 against the entry 'By transfer' in column 2 shall be replaced as follows:

" 1. Degree of B.A. or B.Sc. or B.Com of a recognised University.

2. Bachelor degree of Industrial law or LLB degree with labour Laws as optional subject or M.S.W. Post graduate degree with labour laws as one of the subjects or MA degree in Personal Management and Industrial Relations from any recognised University.

3. Must have put in minimum Service of 10 years under Govt. of Kerala of which not less than 4 years must be one or more of the feeder category of posts."

VII. Under Branch III- Miscellaneous wing the entries in column 3 against the entry 'Direct recruitment' in column 2 shall be replaced as follows:

" 1. Degree of B.A., B.Sc. Or B.Com of a recognised University.

2. Bachelor degree of Industrial law or LLB degree with labour Laws as optional subject or M.S.W. Post graduate degree with labour laws as one of the subjects or MA degree in Personal Management and Industrial Relations from any recognised University.

3. Experience in handling labour problems for 10 yrs from a recognised Organisation or Department."

Rule 5

In rule 5

The numbers and words " 2 and 3 of " shall be deleted.

Rule 7

Rule 7 shall be recast as follows

" Probation:- Every person appointed to any of the Categories shall from the date on which he/she joined duty, be on probation for a period as per condition laid down in KSSR."

II. സമിതിയുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകൾ സംബന്ധിച്ച സർക്കാർ നടപടി സ്റ്റേറ്റ്മെന്റുകൾ

(1) 'റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയം സംബന്ധിച്ച സമിതി റിപ്പോർട്ട്

(ഫയൽ നമ്പർ 5305/സബ്സി.സി2/2016/നി.സെ.)

റബ്ബർ ടാപ്പിംഗ് സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധികവിവരം സംബന്ധിച്ച് കൃഷിവകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(2) കേരള ഫീഡ്സ് ലിമിറ്റഡിന്റെ STEP പദ്ധതിയുടെ തുടർനടപടി സംബന്ധിച്ച അധിക വിവര റിപ്പോർട്ട്

(ഫയൽ നമ്പർ 4374/സബ്സി.സി2/19/നി.സെ.)

STEP പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന് പുതിയ പ്രോജക്ട് സമർപ്പിച്ചുവെങ്കിലും അംഗീകരിക്കാതെ ഫണ്ട് രണ്ട് ഘട്ടങ്ങളായി തിരിച്ച് അടച്ചുവെന്ന് വകുപ്പ് മന്ത്രി അറിയിച്ചു. ടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(3) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1998/സബ്സിസി2/2020/നി.സെ.)

ടി റിപ്പോർട്ടിലെ ഖണ്ഡിക 22 സംബന്ധിച്ച് കൃഷിവകുപ്പും ഖണ്ഡിക 41 സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പും 68 മുതൽ 79 വരെയുള്ള ഖണ്ഡികകൾ സംബന്ധിച്ച് ക്ഷീരവികസന വകുപ്പും ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

(4) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ2294/സബ്സിസി2/2020/നി.സെ.)

ഖണ്ഡിക 24 സംബന്ധിച്ച് കൃഷിവകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് (കാലതാമസപത്രിക സഹിതം) സമിതി അംഗീകരിച്ചു.

(5) 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3054/സബ്സിസി2/19/നി.സെ)

ഖണ്ഡിക 5, 29 എന്നിവ സംബന്ധിച്ച് കൃഷി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് (കാലതാമസപത്രിക സഹിതം) സമിതി അംഗീകരിച്ചു.

III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

1. 2010 -ലെ കേരള ഫിഷറീസും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് സംബന്ധിച്ച്

(ഫയൽ നമ്പർ 34/സബ്സിസി2/14/നി.സെ.)

2010-ലെ KUFOS Act ന്റെ 67-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രഥമ സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തി കരട് ചട്ടം സമർപ്പിക്കുവാനാണ് സമിതി നിർദ്ദേശിച്ചിരുന്നതെങ്കിലും KUFOS Act ഭേദഗതി വരുത്തി കരട് ബിൽ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്നും പുതിയ ആക്ടിൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്താമെന്നും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഫയൽ നടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

2. 'ഉപജീവന മാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3467/സബ്സിസി2/13/നി.സെ.)

ടി റിപ്പോർട്ടിലെ 15-ാം നമ്പർ ഖണ്ഡിക സംബന്ധിച്ച് ക്ഷീരവികസന വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ സമിതി റിപ്പോർട്ടുകളിൻമേൽ തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 3295/സബ്സിസി2/20/നി.സെ.)

സമിതിയുടെ പരിഗണനയിലിരിക്കുന്ന പഴക്കമേറിയ ഫയലുകളുടെ എണ്ണം വിരളമാണെന്ന് നിരീക്ഷിച്ച സമിതി ശേഷിക്കുന്ന ഫയലുകളിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകി.

4. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4803/സബ്സി.സി2/16/നി.സെ.)

ഖണ്ഡിക 85, 91, 99, 102, 108, 115 എന്നിവ സംബന്ധിച്ച് മത്സ്യബന്ധന തുറമുഖ വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

5. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ടിൻമേലുള്ള കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 1050/സബ്സി.സി2/20/നി.സെ.)

പ്രസ്തുത കരട് ചട്ടം മന്ത്രിസഭയുടെ അംഗീകാരത്തിനുശേഷം അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സമിതി മുമ്പാകെ ഉറപ്പ് നൽകി.

6. 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ആക്ടിൻമേലുള്ള കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 5890/സബ്സിസി2/19/നി.സെ.)

പ്രസ്തുത ആക്ടിന് ചട്ടങ്ങൾ തയ്യാറാക്കേണ്ടതില്ലെന്ന് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

ഉച്ചയ്ക്ക് ശേഷം 3.30-ന് സമിതിയോഗം പിരിഞ്ഞു.

## 22-2-2021-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2021 ഫെബ്രുവരി മാസം 22-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ (ഗൂഗിൾ മീറ്റ്) അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയിലെ എക്സ് -ഒഫീഷ്യോ അംഗമായ വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീ. കെ.രാജുവും (ഗൂഗിൾ മീറ്റ്) സമിതി അംഗം ശ്രീ. കെ. കുഞ്ഞിരാമൻ എം.എൽ.എ.യും ഹാജരായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ഇഷിതാ റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

2. ഡോ. കെ. വാസുകി, ഡയറക്ടർ, കൃഷി വകുപ്പ്.

3. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

4. ശ്രീമതി ശാരദ റ്റി. ആർ., ലോ ഓഫീസർ, കൃഷി ഡയറക്ടറേറ്റ്.

5. ഡോ. പി. രാജേന്ദ്രൻ, ചെയർമാൻ, ഫാമേഴ്സ് വെൽഫെയർ ബോർഡ്.

6. ശ്രീ. ഷാജൻ. എ., ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്.

7. ശ്രീ. എസ്. സുബ്രഹ്മണ്യൻ, CEO, കേരളാ ഫാർമേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

സമിതി, 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങളുടെ കരട് പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

1. കേരള കർഷക ക്ഷേമനിധി അംഗത്വത്തിനുള്ള അപേക്ഷയിൽ (ഫാറം I) 11-ാമത് ഇനമായി ചേർത്തിരിക്കുന്ന "അംശാദായമായി അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന പ്രതിമാസ തുക" എന്നതിന് പകരം 'അംശാദായമായി അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന പ്രതിമാസ/ അർദ്ധ വാർഷിക / വാർഷിക തുക' എന്നു ചേർക്കണം.

2. കേരള കർഷക ക്ഷേമനിധി അംഗത്വത്തിനുള്ള അപേക്ഷയിൽ (ഫാറം I) "കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം" എന്ന ശീർഷകത്തിന് താഴെയുള്ള "കൃഷി അസിസ്റ്റന്റ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഇൻഡസ്ട്രീസ് ഓഫീസർ, ഡയറി ഫാം ഇൻസ്പെക്ടർ" എന്നത് താഴെപ്പറയും പ്രകാരം മാറ്റുക.

"കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ,
ഇൻഡസ്ട്രീസ് ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ"

ഉച്ചയ്ക്ക് ശേഷം 2.45-ന് സമിതി യോഗം പിരിഞ്ഞു.